compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂൺ 23
Tuesday, 23rd June 2026

1201 മിഥുനം 9
9th Mithunam 1201

1948 ആഷാഢം 2
2nd Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** 25

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/446/2025-D1. 2026 മേയ് 6.

കണ്ണൂർ ജില്ല, കണ്ണൂർ താലൂക്ക്, അഴീക്കോട് നോർത്ത് വില്ലേജിലെ മഞ്ഞക്കടവിൽ ഒരു ഊന്നിവലയും, മൂലക്കടവിൽ ഒരു ഊന്നിവലയും ചേർത്ത് ആകെ രണ്ട് വലകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് FISH/KNR/SNR-NO 5 പ്രകാരം ശ്രീ. പടമാട്ടുമ്മൽ ഹരിഹരൻ, പടമാട്ടുമ്മൽ ഹൗസ്, പി. ഒ. അഴീക്കൽ എന്നിയാൾ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. ശ്രീ. ഹരിഹരൻ 29-10-2022-ന് മരണപ്പെട്ടതായും അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളായ (1) ഭാര്യ ശ്രീമതി അരുന്ധതി, പി., (2) മകൻ ശ്രീ. വിജേഷ്, പി., (3) മകൾ ഹാരുഷ എന്നിവർ ചേർന്ന് മകൻ (2) ശ്രീ വിജേഷ്, പി.-ക്ക് പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് സമ്മതപത്രം നൽകിയിട്ടുമുള്ളതാണ്. ശ്രീ. വിജേഷ്, പി., അഴീക്കോട് മത്സ്യഗ്രാമത്തിലെ അംഗത്വ നമ്പർ 1408 പ്രകാരമുള്ള മത്സ്യത്തൊഴിലാളിയാണെന്നും അദ്ദേഹത്തിന്റെ പേരിലേക്ക് പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ടും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, അഴീക്കോട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശ കൈമാറ്റത്തിന് ഫിഷറീസ് വകുപ്പിന് എതിർപ്പുകൾ ഒന്നും ഇല്ല എന്ന നിരാക്ഷേപ പത്രം ഈ ഓഫീസിലെ 26-8-2025-ലെ DDFKNR/446/2025-D1 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളതാണ്.

കൂടാതെ പഴയങ്ങാടി സബ്ബ് രജിസ്ട്രാർ ഓഫീസ് 2023-ലെ നാലാം നമ്പർ പുസ്തകം 22-ാം നമ്പർ വാല്യം 39 മുതൽ 44 വരെ വശങ്ങളിൽ 103-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം ശ്രീ. വിജേഷ്, പി.-യുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകൾ കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മേൽ പരാമർശിക്കപ്പെട്ട രണ്ടു ഊന്നിവലകളും ശ്രീ. വിജേഷ്, പി., (S/o ഹരിഹരൻ, പി., പടമാട്ടുമ്മൽ ഹൗസ്, പി.ഒ. അഴീക്കൽ) എന്ന വ്യക്തിയുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷൻ അപേക്ഷകനായ ശ്രീ. വിജേഷ്, പി.-എന്നയാളുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്, (ഒപ്പ്)
കണ്ണൂർ. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/511/2025-D1. 2026 ഏപ്രിൽ 30.

കണ്ണൂർ ജില്ലയിലെ മാട്ടൂൽ അഴി കടവിൽ 2 ഊന്നി വലയും, ഡൗൺകപ്പക്കടവിൽ 1 ഊന്നി വലയും ചേർത്ത് ആകെ 3 ഊന്നി വലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി 2-12-2011-ൽ ശ്രീ. പി. പി. സുബ്രഹ്മണ്യൻ, പിലാക്കൽ പറമ്പിൽ ഹൗസ് എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൻ 20-5-2013-ന് മരണപ്പെട്ടതായും, ടിയാന്റെ പിൻതുടർച്ചാവകാശികളായ 1. ഭാര്യ ശ്രീമതി ഭവാനി, വി. പി., 2. മകൾ ശ്രീമതി ജലജ, പി. പി., 3. മകൻ ശ്രീ. സന്തോഷ്, പി., 4. മകൻ ശ്രീ. രജോഷ്, പി. പി., 5. മകൻ മനോഷ്, പി. പി. എന്നിവർ ചേർന്ന് 3. മകൻ ശ്രീ. സന്തോഷ്, പി.-യുടെ പേർക്ക് പ്രസ്തുത ഊന്നി വലകളിൽ നിന്നും ഡൗൺകപ്പക്കടവിലെ 1 ഊന്നി വലയുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. ടി ഊന്നി നിലവിൽ പ്രവർത്തന യോഗ്യമാണെന്നും, മത്സ്യത്തൊഴിലാളിയായ ശ്രീ. സന്തോഷ്, പി.-യുടെ പേരിലേക്ക് ഉടമസ്ഥാവകാശം കൈമാറുന്നതിന് ശിപാർശ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, അഴീക്കോട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ കല്യാശ്ശേരി സബ്ബ് രജിസ്ട്രാർ ഓഫീസ് 2025-ലെ നാലാം നമ്പർ പുസ്തകം 15-ാം നമ്പർ വാല്യം 181 മുതൽ 188 വരെ വശങ്ങളിൽ 8-ാം നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം ശ്രീ. സന്തോഷ്, പി.-യുടെ പേരിലേക്ക് പ്രസ്തുത ഊന്നി വല കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. പി. പി. സുബ്രഹ്മണ്യൻ, പിലാക്കൽ പറമ്പിൽ ഹൗസ് എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള ആകെ 3 ഊന്നി വലകളിൽ ഡൗൺകപ്പക്കടവിലെ 1 ഊന്നി വല ശ്രീ. സന്തോഷ്, പി., S/o സുബ്രഹ്മണ്യൻ, പിലാക്കൽ ഹൗസ്, മടക്കര, മാട്ടൂൽ, കണ്ണൂർ-670 301 എന്ന വ്യക്തിയുടെ പേരിലേക്ക് അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷൻ അപേക്ഷകനായ ശ്രീ. സന്തോഷ്, പി. എന്നയാളുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്,
കണ്ണൂർ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/147/2026-D1. 2026 മേയ് 3.

കണ്ണൂർ ജില്ല, കണ്ണൂർ താലൂക്ക്, അഴീക്കോട് വില്ലേജിൽ ആലം കനാൽ കടവിൽ രണ്ട് (2) ഊന്നിവലയും കണക്കൻ കടവിൽ രണ്ട് (2) ഊന്നിവലയും ചേർത്ത് ആകെ നാല് (4) ഊന്നിവലകൾ രജിസ്ട്രേഷൻ നമ്പർ FISH/KNR/SNR-NO-3 പ്രകാരം ശ്രീ. എ. പി. ഉദയഭാനു, അറക്കപ്പള്ളത്ത് ഹൗസ്, ബോട്ടുപാലം പി. ഒ. എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. അദ്ദേഹം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം തന്റെ മകനും കണ്ണൂർ ഉൾനാടൻ മത്സ്യഗ്രാമത്തിലെ 3335-ാം അംഗത്വ നമ്പർ പ്രകാരമുള്ള ശ്രീ. സബിൻകുമാർ, എ. പി.-എന്നയാളുടെ പേർക്ക് അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമ്മതപത്രവും മറ്റ് ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിട്ടുണ്ട്. ടി ഉടമസ്ഥാവകാശ കൈമാറ്റത്തിന് ശിപാർശ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, അഴീക്കോട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ വളപട്ടണം സബ്ബ് രജിസ്ട്രാർ ഓഫീസ് 2026-ലെ നാലാം നമ്പർ പുസ്തകം 21-ാം നമ്പർ വാല്യം 169 മുതൽ 174 വരെ വശങ്ങളിൽ 21-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം ശ്രീ. സബിൻകുമാർ, എ. പി.-യുടെ പേരിലേക്ക് പ്രസ്തുത ഊന്നിവലകൾ കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ. എ. പി. ഉദയഭാനു എന്നയാൾക്ക് രജിസ്ട്രേഷന് നമ്പർ FISH/KNR/SNR-NO-3 പ്രകാരം അനുവദിച്ച കണ്ണൂർ ജില്ല, കണ്ണൂർ താലൂക്ക്, അഴിക്കോട് വില്ലേജിൽ ആലം കനാൽ കടവിൽ രണ്ട് (2) ഊന്നിവലയും കണക്കൻ കടവിൽ രണ്ട് (2) ഊന്നിവലയും ചേർത്ത് ആകെ നാല് (4) ഊന്നിവലകൾ ശ്രീ. സബിൻകുമാർ, എ. പി., S/o A. P. ഉദയഭാനു, അറക്കപ്പള്ളത്ത് ഹൗസ്, ബോട്ടുപാലം പി. ഒ., അഴീക്കൽ എന്ന വ്യക്തിയുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷന് അപേക്ഷകനായ ശ്രീ. സബിൻകുമാർ, എ. പി.-എന്നയാളുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മാപ്പിള ബേ ഫിഷറീസ് കോംപ്ലക്സ്,
കണ്ണൂർ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.23 03:06:54 +05:30